# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1080 01/07/2015-ലെ മറുപടിക്ക്

## എച്ച്.എസ്.എസ്.റ്റി മാരുടെ പൊതു സ്ഥലമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.രാജു | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. -മാർക്ക് പൊതു സ്ഥലമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 27.05.2015-ലെ സ.ഉ(പി) 143/2015/പൊവിവ ഉത്തരവ് പ്രകാരം സർക്കാർ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | പ്രസ്തുത മാനദണ്ഡ പ്രകാരം എച്ച്.എസ്.എസ്.റ്റി. - മാരുടെ 2015 വർഷത്തെ പൊതു സ്ഥലമാറ്റത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ മുഖാന്തിരം ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) | പൊതു സ്ഥലമാറ്റം ഈ വർഷം നടത്തുന്നതിനു എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റത്തിന്റെ ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് കേന്ദ്ര ഏജൻസിയായ എൻ.ഐ.സി ആണ്. പുതുക്കിയ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് സോഫ്റ്റ് വെയർ വിപുലപ്പെടുത്തുന്നതിന് സമയം ആവശ്യമാണ്. |
| (ഡി) | സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്ഥലംമാറ്റത്തിനുള്ള നടപടികൾ ഈ വർഷം തന്നെ സ്വീകരിക്കുമോ; ഈ അധ്യയന വർഷം തന്നെ എച്ച്.എസ്.എസ്.റ്റി.- മാരുടെ പൊതുസ്ഥലം മാറ്റം നടക്കുമോ എന്ന് വിശദമാക്കുമോ? | (ഡി) | മാനദണ്ഡങ്ങൾ അനുസരിച്ച് പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖാന്തിരം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**